## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3542

15.03.2018 ൽ മറുപടിക്ക്

### വ്യവസായികൾക്ക് ഏകജാലക സംവിധാനത്തിലൂടെ അനുമതി നല്കുന്നതിലുള്ള പുരോഗതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | ഏകജാലക സംവിധാനത്തിലൂടെ വ്യവസായികൾക്ക് വിവിധ അനുമതികൾ നല്കുന്നതിലുള്ള സംസ്ഥാനത്തിന്റെ പുരോഗതി കേന്ദ്ര സർക്കാർ വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ; | (എ) & (ബി) | ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ വ്യവസായ നിക്ഷേപ സാധ്യത കണക്കാക്കുന്നതിനുള്ള അളവുകോലാണ് ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് എന്ന സൂചിക. കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷനാണ് (ഡി ഐ പി പി) നമ്മുടെ രാജ്യത്തെ സംസ്ഥാനങ്ങളുടെ റാങ്കുകൾ നിർണ്ണയിക്കുന്നത്. സംരംഭം ആരംഭിക്കുന്നത്. കെട്ടിട നിർമ്മാണ അനുമതി, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, നികുതി ഒടുക്കൽ ഏകജാലക സംവിധാനം തുടങ്ങി പത്തോളം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്ക് അനുസൃതമായിട്ടാണ് ഓരോ സംസ്ഥാനത്തിന്റെയും റാങ്ക് ഡി.ഐ.പി.പി നിർണ്ണയിക്കുന്നത്. ഇതിൽ ഏകജാലക സംവിധാന മാനദണ്ഡത്തിൽ ഓരോ സംസ്ഥാനവും, വ്യവസായ അനുമതികൾ നൽകുന്നതും വിലയിരുത്തുന്നുണ്ട്.<br>2015 ൽ ഡി ഐ പി പി തയ്യാറാക്കിയ 90 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ റാങ്ക് 18 ആയിരുന്നു. 2016 ൽ ഡി ഐ പി പി തയ്യാറാക്കിയ 340 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ |
| (ബി) | ഇതിൻ പ്രകാരം സംസ്ഥാനങ്ങൾക്ക് ലഭിച്ച റാങ്കിംഗിൽ 2015, 2016, 2017 വർഷങ്ങളിൽ സംസ്ഥാനത്തിന്റെ റാങ്ക് എത്രയാണെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | കേരളത്തിന്റെ റാങ്ക് 20 ആയിരുന്നു. 2017 ൽ ഡി ഐ പി പി നല്കിയ 372 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളുടെ റാങ്കിങ് ഇപ്പോൾ നടന്നുവരികയാണ്. 2016 ൽ കേരളം 26.97 ശതമാനം മാർക്കാണ് നേടിയത്.<br>2017 ലെ വിലയിരുത്തലിൽ കേരളം ഇതുവരെ 51.99 ശതമാനം മാർക്ക് നേടിയിട്ടുണ്ട്. ഡി ഐ പി പി യുടെ റാങ്കിങ് നിർണ്ണയം പൂർത്തിയായാൽ മാത്രമേ 2017 ലെ കേരളത്തിന്റെ റാങ്കും നേടിയ മാർക്കിന്റെ ശതമാനവും കണക്കാക്കപ്പെടുകയുള്ളൂ. |
| (സി) | പ്രസ്തുത റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | രാജ്യത്തെ വ്യവസായ സൗഹൃദാന്തരീക്ഷത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന സൂചിക യാണ് "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്". വ്യവസായ അനുകൂല സാഹചര്യങ്ങൾ നൽകുക വഴി നിക്ഷേപത്തിന് ആക്കം കൂട്ടുന്നതിനും അതുവഴി ലോക റാങ്കിങ്ങിൽ ഇന്ത്യയുടെ സ്ഥാനം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ് കേന്ദ്ര സർക്കാർ ഇത് ആവിഷ്കരിക്കുന്നത്. വ്യവസായ സംരംഭങ്ങൾ ക്കുള്ള സൗകര്യങ്ങളുടെയും സമയബന്ധിത മായി അനുമതി നൽകുന്നതിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പട്ടികപ്പെടുത്തിയിട്ടുണ്ട്.<br>വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ച് സംസ്ഥാനത്തെ മറ്റ് മുൻനിര സംസ്ഥാന ങ്ങളോടൊപ്പം എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി വിവിധ വകുപ്പുകളിലെ നിലവിലുള്ള നിയമങ്ങൾ / ചട്ടങ്ങൾ / ഉത്തരവുകൾ എന്നിവയിൽ മാറ്റങ്ങൾ വരുത്തുന്നതിനായി പഠനം നടത്തിയിരുന്നു. അതനുസരിച്ച് ലഭിച്ച നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും അടങ്ങിയ പഠനറിപ്പോർട്ട് ഉന്നതതലങ്ങളിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെട്ട പരിഷ്കാര |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിക്കുക യുണ്ടായി.<br>നടപടിക്രമങ്ങൾ ലളിതവും വേഗത്തിലുമാക്കു ന്നതിനായി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ് - 2018 വിജ്ഞാപനം ചെയ്തു. ഇത്, ഈ നിയമസഭാ സമ്മേളന കാലയളവിൽ ബിൽ ആയി അവതരിപ്പി ക്കുകയും, സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലുമാണ്. |

Bindu. T

**സെക്ഷൻ ഓഫീസർ**